GOVT.MODEL HIGHER SECONDARY SCHOOL,CHEERAL

2023 - 2024






# BLOOMING BUDS

# EDITORIAL BOARD

## MEMBERS

Niranjana Biju
Devanandha
Najha Fathma
Hridya Rajesh
Vaigha K S
Nihma Fathima

## ADVISORY COMMITTEE

Reena P

Jayamole k Joseph

Binduraj B



As creative abilities take shape in colors,lines,stories and poems,the doorsopen to theinfinite expanse of art.The peacock chicksthat came to lifein this magazine areseven beauties.A thousand wishes for the sources ofthis beauty.

Reena P(Headmistress)



ചീരാൽ ഗവ. മോഡൽ ഹയർസെക്കണ്ടറി സ്ക്കൂളിലെ'ലിറ്റിൽ കൈറ്റ്സ് 'വിദ്യാർത്ഥികളുടെ സംരംഭമായ "BLOOMING BUDS" എന്ന ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ സർഗ്ഗഭാവനകളെ തൊട്ടുണർത്താൻ കഴിയുന്നതാണ് . പുത്തൻ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പരിചയപ്പെടുന്നതിനും കൂടുതൽ ഉത്തരവാദിത്വത്തോടെ സാങ്കേതികവിദ്യകൾ കൈകാര്യം ചെയ്യുന്നതിനും ഈ മാഗസിൻ പ്രയോജനപ്രദമാകട്ടെ എന്ന്

Komalavalli(Senior Assistant)

# ഇന്ത്യയ്ക്ക് അഗ്നിച്ചിറക് നൽകിയ കലാം........

ഇന്ത്യൻ മിസൈൽ സാങ്കേതിക വിദ്യയുടെ പിതാവ് എന്നതിലുപരി ഇന്ത്യയുടെ ആത്മാവിന് അഗ്നിച്ചിറകുകൾ നൽകിയ ശാസ്ത്രജ്ഞനാണ് എപിജെ അബ്ദുൽ കലാം.ഒരു ദശാബ്ദത്തിലേറെ കാലം തന്നോടൊപ്പം പ്രവർത്തിച്ചിട്ടുള്ള അരുൺ തിവാരി എന്ന കൂട്ടുകാരന് പറഞ്ഞുകൊടുത്ത സ്വന്തം കഥയ്ക്ക് അക്ഷരങ്ങളിലൂടെ ജീവൻ നൽകിയപ്പോൾ  പിറന്നതാണ് അഗ്നിച്ചിറകുകൾ .

ഇന്ത്യയുടെ അഗ്നി, പൃഥ്വി, ആകാശ് , തൃശ്ശൂൽ മിസൈലുകളുടെ രൂപകൽപ്പന സമയത്തെ അദ്ദേഹത്തിൻറെ കഠിനാധ്വാനത്തിന്റെയും അർപ്പണ മനോഭാവത്തിന്റെയും ആഴം വായനക്കാരുടേത് കൂടിയാകുന്ന അവതരണ ശൈലി ഈ പുസ്തകത്തിൻറെ പ്രത്യേകതയാണ്.തന്റെ കർമ്മമണ്ഡലത്തിലൂടെ ഇന്ത്യയിലെ യുവക്കൾക്ക് തങ്ങളുടേതായ ദൗത്യങ്ങളിൽ സ്വയം അർപ്പിക്കാനുള്ള സാഹചര്യമൊരുക്കുകയാണ് അദ്ദേഹം ചെയ്തത്.

'കാലമാകുന്ന മണൽ പരപ്പിൽ നിങ്ങളുടെ കാൽപാടുകൾ അവശേഷിപ്പിക്കണം എന്നുണ്ട് നിങ്ങൾക്കെങ്കിൽ വലിച്ചിഴക്കാതിരിക്കുക നിങ്ങളുടെ കാലുകൾ'
എന്ന വരികളിലൂടെ ഇന്ത്യൻ യുവത്വത്തിന് അദ്ദേഹം ദിശാബോധം നൽകുന്നു. ലാളിത്യത്തിന്റെയും വിനയത്തിന്റെയും ബഹിർസ്ഫുരണമാണ് ആ വാക്കുകൾ .
ഇന്ത്യയുടെ സ്വാഭിമാനത്തിന്റെ ശില്പിയാണ് കലാം.

സാങ്കേതിക പദങ്ങൾ ഒരുപാടുണ്ടെങ്കിലും അഗ്നിച്ചിറകുകൾ എന്ന പുസ്തകം വായനക്ഷമമാണ്. എളിമയുടെയും വിനയത്തിന്റെയും ജീവിതകഥ അക്ഷരങ്ങളിൽ ആക്കി വായനക്കാരന് സമ്മാനിച്ച കലാം അഗ്നിച്ചിറകുകളിലൂടെ ഇനിയും ജീവിക്കും.



–നിരഞ്ജന ബിജു

# ഭാഷയുടെ പ്രാധാന്യം

ഭാഷയെന്നത് ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയിൽ നിന്നും വേർതിരിക്കുന്നു. ഓരോ ഭാഷയ്ക്കും അതിന്റേതായ വ്യത്യാസങ്ങളുണ്ട്.തനിമയുണ്ട്. നമ്മുടെ മലയാള ഭാഷ സംസ്കൃതത്തിൽ നിന്ന് ഉടലെടുത്തിട്ടുള്ളതാണ്. ഒരു വ്യക്തിയെ സമൂഹത്തിൽ പിടിച്ചു നിർത്തുന്നത് അയാളുടെ ഭാഷയാണ്. മനുഷ്യന്റെ ഓരോ സംസർഗങ്ങളും ഭാഷയിൽ ഉതകുന്നതാണ്.





ഒരു മനോഹരമായ കൊച്ചു ഗ്രാമത്തിൽ ഒരു ചെറിയ വീട്ടിൽ നല്ല സന്തോഷമായി കഴിയുന്ന ഒരു ചെറിയ കുടുംബമുണ്ടായിരുന്നു. ആ കുടുംബത്തിൽ ഒരു അച്ഛനും അമ്മയും മൂന്ന് സഹോദരങ്ങളും ഉണ്ടായിരുന്നു. മൂന്ന് സഹോദരങ്ങളിൽ ഒന്നാമന്റെ പേര് രാമു എന്നായിരുന്നു. രാമു വളരെ പാവവും ദയ ഉള്ളവനുമായിരുന്നു. അതുപോലെ കഠിനാധ്വാനിയും. രണ്ടാമന്റെ പേര് രവി എന്നും മൂന്നാമന്റെ പേര് രാജു എന്നുമായിരുന്നു.

രവിയും രാജുവും ഒരുപോലെയാണ്. ഇവർ രാമുവിനെപ്പോലെയല്ലായിരുന്നു. ഇവർ ഇവരുടെ കാര്യങ്ങൾപ്പോലും ഒറ്റക്ക് ചെയ്യില്ല. അതിനാൽ അച്ഛനും അമ്മയും ഇവരുടെ കൂടെയായിരിക്കും കൂടുതൽ സമയവും.രവിയ്ക്കും രാജുവിനും രാമുവിനെ ഇഷ്ടമുണ്ടായിരുന്നില്ല. പക്ഷെ രാമു ആരോടും പരാതിപറയില്ലായിരുന്നു. എങ്കിലും അച്ഛനും അമ്മയും രാമുവിനേക്കാൾ ഇഷ്ടം രവിയേയും രാജുവിനേയും ആയിരുന്നു. അത് പറഞ്ഞ് പലപ്പോഴും രാജു രാമുവിനെ വിഷമിപ്പിക്കുമായിരുന്നു.

ഇത് തുടർന്നു.ഇപ്പോൾ ഇവരെല്ലാം വളർന്നു വലുതായി. കുട്ടികൾ വലുതായതിനുശേഷം തൻെറ രണ്ടു മക്കൾക്കും കുടുംബപ്രാരബ്ധമായി, അവരുടേതായ തിരക്കായി നിൽക്കുന്നതിനിടയിൽ അച്ഛനെയും അമ്മയേയും നോക്കാൻ ഇവർ സമയം കണ്ടെത്തിയില്ല. പക്ഷെ സ്വന്തം അച്ഛനേയും അമ്മയേയും ഉപേക്ഷിക്കാൻ രാമുവിന് കഴിഞ്ഞില്ല. രാമുവാണ് പിന്നിട്ടുള്ള അവൻെറ അമ്മയേയും അച്ഛനേയും നോക്കിയത്.

-അദിന

# അരസൈക്കിൾ

- എം. ആർ രേണുകുമാർ

മനോഹരമായ ഒരുപൂന്തോട്ടത്തിലെ വർണ്ണങ്ങൾ വിതറുന്ന പൂമ്പാറ്റകളാണ് പുസ്തകങ്ങളാണ്. കഥകളിലൂടെ യാത്ര ചെയ്താൽ എത്തിചേരുന്നത് നിങ്ങൾ അറിയാത്ത ഇടങ്ങളിലാണ്. കരിങ്ങണയും ചേറുമീനും കളിച്ചുകളിക്കുന്ന തോടുകൾ കടന്ന് മലയിറങ്ങി വരുന്ന കാറ്റിൻെറ ചൂളംവിളികൾക്കൊപ്പം
കാടിൻെറ ഭംഗി ആസ്വദിക്കാൻ ഈ പുസ്തകത്തിലെ നാലുകഥകൾ നിങ്ങളെ ക്ഷണിക്കുകയാണ്. പാച്ചുവും നൂറും ജോബും ചിന്നും അവളുടെ ചേട്ടായിയും നിങ്ങൾക്കൊപ്പമുണ്ടാവും.

അകലെ ഒരു ഗ്രാമത്തിൽ പാച്ചു എന്നൊരു കുട്ടിയുണ്ടായിരുന്നു . അവന്റെ ഏറ്റവും വലിയ സ്വപ്നമെന്നത് സൈക്കിൾ ചവിട്ടാൻ പഠിക്കുക എന്നതായിരുന്നു. എന്നാൽ അവന്റെ ആഗ്രഹത്തിന് തടസ്സമായി വന്നത് അവന്റെ അച്ഛൻ തന്നെയാണ്. കാരണം പാച്ചുവിന്റെ അച്ഛന് തന്റെ മകൻ സൈക്കിൾ പഠിക്കുന്നത് ഇഷ്ടമല്ലായിരുന്നു. ആ ഗ്രാമത്തിൽ സൈക്കിൾ ചവിട്ടാൻ അറിയാത്ത ഒരേ ഒരാൾ പാച്ചുവായിരുന്നു. സൈക്കിൾ ചവിട്ടാൻ പഠിപ്പിക്കുന്ന ആനന്ദ് ചേട്ടായിയുടെ അനിയത്തി നിലീമയ്ക്ക് വരെ അറിയാം.

എല്ലാവരും കഴിഞ്ഞ വേനലവധിയ്ക്കാണ് സൈക്കിൾ ചവിട്ടാൻ പഠിച്ചത്. ഈ അവധിയ്ക്ക് എനിക്കും പഠിക്കണം, പാച്ചു മനസ്സിലുറപ്പിച്ചു. സൈക്കിൾ ചവിട്ടാൻ അറിയാത്തത് എന്തൊരു നാണക്കേടാണ്. ഇതൊന്നും അച്ഛനും അമ്മയ്ക്കും പറഞ്ഞാൽ മനസ്സിലാവില്ല. അങ്ങനെ ഒരു ദിവസം അവൻ വീട്ടുകാർ അറിയാതെ സൈക്കിൾ ചവിട്ടാൻ പഠിച്ചു.

പ്രിയക്കൂട്ടുകാരെ, എനിക്ക് പാച്ചു എന്ന കഥാപാത്രത്തെക്കുറിച്ച് നല്ലതാണ് പറയാനുള്ളത്. എന്തെന്നാൽ നമ്മൾ എന്താണോ ആഗ്രഹിക്കുന്നത് അത് നമ്മൾ നേടിയെടുക്കണം. നമ്മൾ ഒന്ന് മനസ്സ് വെച്ചാൽ എന്തും നേടിയെടുക്കാൻ കഴിയും.പക്ഷെ നമ്മൾ നന്നായി കഷ്ടപ്പെടണം. അപ്പോൾ നമ്മൾ വിജയിച്ചാൽ നമ്മൾ ജീവിതത്തിൽവിജയിച്ച പോലെയാണ്.



സുനിത സി. സി

# തൂവൽ

തൂവൽ പോലെ വീശുന്ന ആ കാറ്റ് എത്ര
സുന്ദരം...
കളകളം ഒഴുകുന്ന അരുവികൾ....
തലയുയർത്തി നിൽക്കുന്ന ആ നെൽപ്പാടങ്ങൾ.....
അതിസുന്ദരം....
എത്ര സുന്ദരമാണ് നമ്മുടെ ഭൂമി.....
കളകളം ഒഴുകുന്ന അരുവികളിൽ
സന്തോഷത്താൽ തുള്ളിമറിയുന്ന മീനുകൾ.....
വൈകുന്നേരം ആയാൽ കിളികളുടെ അതിയായ
കിളി നാദങ്ങൾ.... എത്രമേൽ സുന്ദരം നമ്മുടെ
ഭൂമി അത്രമേൽ സന്തോഷം......

-ഷെറിൻ മരിയ സണ്ണി



# വിസ്മയത്തിന്റെ ജാലകം



അവൾ ജനൽപാളികൾ തുറന്നു. പുലർച്ചെ ആറ് മണി. മൂടിനിൽക്കുന്ന മഞ്ഞ്. അതിനിടയിലൂടെ നോക്കുന്ന സൂര്യൻ. "അമ്മേ..." അമ്മ ഉച്ചത്തിൽ വിളിച്ചു. അമ്മൂ.. വേഗം എഴുന്നേൽക്ക്, സ്കൂളിൽ പോകണം. അമമ് പറഞ്ഞു.
ഇതുകേട്ട് മടിയോടെ ചിണുങ്ങിക്കൊണ്ട് അമ്മു എഴുന്നേറ്റു. അമ്മു മുറ്റത്തേക്ക് ഇറങ്ങി. ചിരിച്ചു നിൽക്കുന്ന പനിനീർപ്പൂവ്.
അമ്മൂ... മുറ്റത്ത് നിൽക്കാതെ പോയി കുളിക്ക്. അമ്മ പറഞ്ഞു.
ഇതു കേട്ട് അവൾ കുളിമുറിയിലേക്ക് ഓടി. കുളി കഴിഞ്ഞ ശേഷം യൂണിഫോമിട്ട് അവൾ അമ്മൂമ്മയുടെ അടുത്തെത്തി. അമ്മൂമ്മ പറഞ്ഞു, അമ്മൂ.. നീ ഭക്ഷണം കഴിച്ചോ..?
ഇല്ല അമ്മൂമ്മേ.. അവൾ പറഞ്ഞു. അതെന്താ ഭക്ഷണം കഴിക്കാത്തത്. അമ്മൂമ്മ ചോദിച്ചു.
എനിക്ക് വിശപ്പില്ല അമ്മൂമ്മേ. അവൾ പറഞ്ഞു. അങ്ങനെ പറയരുത് അമ്മൂ.. ഭക്ഷണം കഴിച്ചുല്ലെങ്കിൽ രോഗം വരും. പിന്നെ ആരോഗ്യവും ഉണ്ടാവില്ല. അമ്മൂമ്മ പറഞ്ഞു. ഇതു കേട്ടതും അമ്മു ഓടിച്ചെന്ന് ഭക്ഷണം കഴിച്ചു. അപ്പോഴേക്കും സ്കൂളിൽ പോകാനായി. ഞാൻ പോകുകയാണ് അമ്മൂമ്മേ.. നമ്മുക്ക് വന്നിട്ട് കാണാം എന്നും പറഞ്ഞ് അമ്മൂമ്മയ്ക്ക് ഒരു ഉമ്മയും കൊടുത്ത് സ്കൂളിലേക്ക് പോയി.

-വൈഗ ഷിജു

# പാടത്തേക്ക് പോകുമ്പോൾ



പണ്ട് പണ്ടൊരു അമ്മാവൻ മരിക്കാൻ കിടക്കുമ്പോൾ മരുമകനോട് ഉപദേശിച്ചു ,നീ കൃഷി നോക്കാൻ പാടത്തേക്ക് പോകുമ്പോഴും വരുമ്പോഴും വെയിൽ കൊള്ളരുത് . അമ്മാവൻ മരിച്ച ശേഷം മരുമകൻ അതിനെക്കുറിച്ച് ആലോചിച്ചു .

വീട്ടിൽ നിന്ന് ഒരു നാഴിക ദൂരത്തായിരുന്നു കൃഷിനിലം. അയാൾ പാടത്തേക്ക് പോകുന്ന വഴി മുഴുവൻ പന്തലിട്ട് വെയിൽ കൊള്ളാത്ത വിധത്തിൽ ആക്കി.

അമ്മാമന്റെ അടിയന്തരത്തിനും ഈ പന്തലിനും കൂടി കയ്യിലുണ്ടായിരുന്ന തുക മുഴുവൻ ചിലവാക്കി.അയാൾ കാലത്ത് പത്തുക്കെ ഉണർന്നെഴുന്നേറ്റ് കുളിച്ച് പ്രാതൽ കഴിച്ച് ഉച്ചയോടെ എടുത്താൽ പാടത്തൊന്നും ചെന്നു നോക്കി ഉടൻ തിരിച്ചുവന്ന് ഊണും കഴിച്ചു കിടന്നുറങ്ങും.വൈകുന്നേരം പണിക്കാർ പറയുന്ന കൂലി എണ്ണി കൊടുക്കും, പണിയൊന്നും അവർചെയ്യാറുമില്ല.

എന്തിനധികം പറയണം, മേൽനോട്ടം ഇല്ലാതെ കൃഷി മുഴുവൻ നശിച്ചു. വീട്ടിൽ പട്ടിണിയായി.

അപ്പോഴാണ് അമ്മാവൻറെ ഉപദേശത്തിന്റെ അർത്ഥം അയാൾക്ക് മനസ്സിലായത്.വെയിലുദിക്കും മുൻപ് പാടത്ത് പോയി പണിക്കാർ ശരിക്ക് പണിയെടുക്കുന്നുണ്ടോ,

വിള എങ്ങനെയുണ്ട്, എന്നെല്ലാം നോക്കിയശേഷം വെയിലാറിയിട്ട വീട്ടിലേക്ക് മടങ്ങാവൂ എന്നായിരുന്നു അമ്മാവൻറെ ഉപദേശത്തിന്റെ സാരം.

---

-അലീന ജെയിംസ്

# പുഷ്പം

ഹേ പുഷ്പമേ നീ എന്താണിങ്ങനെ മൂകയാകാൻ,
നിന്നെ അരികിൽ ആരുമില്ലേ.....
നിന്റെ ഇതളുകൾ അതാ കൊഴിഞ്ഞു വീഴുന്നു....
നിന്റെ ഭംഗികൾ യാത്രയായി പോകുന്നു....
ഇന്നിന്റെ വളർച്ചകൾ നഷ്ടപ്പെടുന്നു.....
നിനക്ക് ആരുമില്ലല്ലോ ഞാനുണ്ട് നിന്നരികിൽ....
നിൻറെ തളർച്ചയിൽ ഞാൻ ദുഃഖിക്കുന്നു....
നിന്നരികിൽ ഞാനുണ്ട്, നിന്നെ പരിചരിക്കാൻ
ഞാനുണ്ട്......
നിന്റെ ഭംഗികൾ തിരികെ എത്താൻ ഞാൻ
ആഗ്രഹിക്കുന്നു.....
ഞാൻ ജലം നൽകാം , ഇനി ഞാൻ നിന്നെ
പരിപാലിക്കാം....
അതാ കുറേ നാൾക്കുശേഷം മുട്ടിട്ടു നിൽക്കുന്നു....
എത്രനാൾ വിരിയാൻ എടുക്കും എന്ന
ചിന്തയിലാണ്....
അതാ അതിൽ ഒരു മഞ്ഞ പൂവ്
വിരിഞ്ഞുനിൽക്കുന്നു...
നിന്റെ പുഞ്ചിരി മാത്രം...
പുഞ്ചിരി മാത്രം !

-വേദ ശശി പി എ



# കേരളം നേരിട്ട പ്രളയം





*2018* ആഗസ്റ്റ് മാസം നേരിട്ട പ്രളയം നമ്മുടെ മനസ്സിലെ ഒരു തീരാത്ത ഓർമ്മയാണ്. മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ മൂലം പ്രകൃതി കലുഷമാകുന്നു. പ്രളയത്തിൽ ഒത്തിരി ജീവനുകൾ നമ്മെ വിട്ടുപിരിഞ്ഞു. ഉണ്ടായ ദുരന്തത്തിൽ നിന്നും കരകയറാതെ ഇന്നും നമ്മുടെ ഇടയിൽ പലരും ജീവിക്കുന്നുണ്ട്. ഒരു വ്യക്തിക്ക് ഏറ്റവും ആവശ്യം പാർപ്പിടവും ഭക്ഷണവും വസ്ത്രവും ആണല്ലോ. എന്നാൽ അതിനൊന്നും മാർഗമില്ലാതെ വലഞ്ഞ ഒരു സമൂഹത്തെ നേരിൽ കണ്ടവരാണല്ലോ നാം.അതുകൊണ്ട് നമുക്ക് ഒരുമിച്ച് പ്രകൃതിയെ സംരക്ഷിക്കാം.

-Fathima Saeedha N A

# അണയാത്ത ദീപം

എൻ നയനത്തിൽ കത്തിജ്വലിക്കും....
പ്രകാശനാളമാണു നീ....
എൻ കാതിൽ മാറ്റൊലി കൊള്ളൂ....
മണിനാദമാണു നീ...
എൻ ഹൃദയത്തിൽ തന്ത്രികൾ മീട്ടും....
മണിവീണയാണു നീ....
എന്നെ ഞാൻ ആക്കുന്ന....
അണയാത്ത ദീപമാണു നീ...

-ലക്ഷ്യ ഹിമ



# പ്രളയം വിഴുങ്ങിയ കേരളം 2018

മഹാപ്രളയം കേരളത്തെ ഒന്നാകെ മുക്കിക്കളഞ്ഞ വർഷമായിരുന്നു 2018. 1924ലെ പ്രളയത്തിനുശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെ തുടർന്ന് മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലും ഉണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നു വിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു.

ചരിത്രത്തിൽ ആദ്യമായി 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നു .26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ച് തുറന്നത്. കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ കാണാതായി. കാലവർഷം ശക്തമായ ഓഗസ്റ്റ് 21ന് 3,91,494 കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിൽ എത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രത മുന്നറിയിപ്പ് പ്രഖ്യാപിച്ചു പ്രാഥമിക വിലയിരുത്തൽ പ്രകാരം ഏകദേശം 40,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന് സംഭവിച്ചത്.



ഫിദ പി എ

# Hush little baby

**Hush little baby,don't say a word.**
**Mama is going to show you a hummingbird.**
**if that hummingbird should fly, Mama is going to show you the evening sky.**
**When the night time shadows fall, mama is going to here the cricket's call.**
**While there song drifts from afar,**
**Mama is going to search for a shooting star.**
**When that star has dropped from View,**
**Mama is going to read a book with you.**
**when that story has been read, Mama is going to bring you warm bedspread.**
**If that teddy there won't hug ,**
**Mama is going to catch you a lightning bug.**
**If that lightning bug won't glow,**
**Mama is going to play on her old banjo.**
**If that banjo's out of tune, Mama is going to show you that harvest moon. As that moon drift through the sky,**
**Mama is going to sing you a lullaby.**

- Amrutha C Velayudhan



# POEM ON NATURE



Oh wonderful nature
you are so beautiful
with green trees
and humming bees
the grass is so clean
birds fly in the sky
and mountains are so high
the wandering butter flies
makes my thoughts fly
the waterfalls are so cool
just like a swimming pool
I love nature very much
God gave us this feature...

- Ajun Siyan



# Poem on my mother

My mother is the best
You are so kind
You gave me joy
And piece of mind
You helped me dream You give me hope
You gave me strength
So I can see a future
That belongs to me
A future that looks really bright
Thanks for showing
Me the light

-Ameen Siyan

# Dreams

Dreams come and go
Driving spirits high and low
But one of them remains
one dream that driver everything
A dream once sighted
Is aimed upon
And the arrow of determination
Neat Before Long
So look inside you
Peep into your dream
then raw your throat
On like's vast Stream
At the same point of time
You will reach your destination
That dream you alone
Can touch with satisfaction

-Lakshya Hima

# QUIZ

1. what is the world's largest country in the world by area ?

Answer : Russia

2. What is the world's longest reef?

Answer: Great Barrier Reef, Coral Sea

3 which is the world's largest continent?

Answer: Asia

4.what is the world's biggest hot desert?

Answer: Sahara

5 what is the world's highest mountain?

Answer: mount everest

6. What is the world's biggest ocean?

Answer: Pacific Ocean

7. What is the hardest natural mineral on earth?

Answer: Ruby

8. Which country is the biggest producer of cotton?

Answer: China

9. Which is the world's smallest country?

Answer: Vatican City

10. What is the smallest shark?

Answer: Pwarf Lantern shark

11. What is the slowest flying bird?

Answer: American wood cock

-Aleena James

# Amazon Forest

Once upon a time there was a boy name the Jack shifted near Amazon forest in new house with his family. After 5 days, at night around 8:30 p.m, he went to the washroom and heard a sound coming from outside of his house. When he reached the near the entrance gate he found it sound is coming from the forest then he started following the sound.

He found someone is talking. Trees Talking each other? He went near the mountains and said how can You talk among themselves? First mountain set "this forest is magical" so that's the reason we talk among themselves.

Several years ago, this forest was badly damaged. one day magician came in the forest he is searching for animal for zingi Circus, He is the host of zinki circus. When he entered in forest he is shocked there is no animals or birds.

So he thought he would make the forest magical by doing his magical tricks. But after using magic, his mind is changed and tried to take all animals and birds with him. But they did not came with. Magician was very angry and a heavy storm came and a new magic happens automatically and all rocks, mountains and trees got the power of talking. after knowing the story ,Jack and forest become good friends.

-- Ameen Siyan

















*ONEDAY I T WORKSHOP TO GUPS KALLINKARA STUDENTS BY LITTLE KITES*







# THANK YOU

Little Kites